Janayugom 22-02-19, p-3

# നെൽകൃഷിമേഖല ഉണർവിന്റെ പാതയിൽ

## ■ സംസ്ഥാനത്ത് നെല്ല് സംഭരണം 1.27 ലക്ഷം മെട്രിക് ടണ്ണിലെത്തി

**ആർ ബാലചന്ദ്രൻ**

ആലപ്പുഴ: പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ നെൽകാർഷിക മേഖല ഉണർവിന്റെ പാതയിൽ. ഈ വർഷം മികച്ച രീതിയിൽ നെല്ല് സംഭരിക്കാൻ കഴിയുമെന്ന സൂചനകളാണ് സപ്ലൈകോയുടെ ഭാഗത്തുനിന്നും ലഭിക്കുന്നത്. അഞ്ചര ലക്ഷം മെട്രിക്ടൺ നെല്ല് സംഭരിക്കാൻ കഴിയുമെന്ന് പുതിയ കണക്കുകൾ വ്യക്തമാക്കുന്നു.

കഴിഞ്ഞ വർഷം സപ്ലൈകോ സംഭരിച്ചത് 4.84 ലക്ഷം മെട്രിക് ടൺ നെല്ലായിരുന്നു. നിലവിൽ ഇത് 1.27 ലക്ഷം മെട്രിക് ടണ്ണാണ്. ജനുവരി ഒന്ന് മുതൽ ജൂൺ 31 വരെയാണ് സപ്ലൈകോ നെല്ല് സംഭരിച്ച് വരുന്നത്. ആകെ 1,97,263 കർഷകരിൽ നിന്നാണ് ഇത്തവണ നെല്ല് സംഭരണം നടത്തുന്നതിന് സപ്ലൈകോ തീരുമാനിച്ചിരിക്കുന്നതെന്ന് സപ്ലൈകോ പാഡി മാർക്കറ്റിംഗ് ഓഫീസർ എ വി സുരേഷ് കുമാർ ജനയുഗത്തോട് പറഞ്ഞു.

സംസ്ഥാന മൊട്ടാകെ സപ്ലൈകോ നെല്ല് സംഭരിച്ചതിന്റെ കണക്കുകൾ (കിലോ മെട്രിക് ടൺ) പ്രകാരം ഇതാണ്. തിരുവനന്തപുരം -420.822, കൊല്ലം-79, ആലപ്പുഴ-1241, കോട്ടയം-75.93, ഇടുക്കി -3.08, എറണാകുളം-210, തൃശ്ശൂർ -1457, പാലക്കാട് -2194, മലപ്പുറം -4409, വയനാട് -68.63, കണ്ണൂർ-135, കാസർഗോഡ് -212 എന്നിങ്ങനെയാണ്.

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകളിൽ നിന്നും കൂടുതൽ വിളവാണ് ഇനിയും പ്രതീക്ഷിക്കുന്നത്. സംഭരണം നടത്തുന്നതോടൊപ്പം കർഷകർക്ക് അതിന്റെ വിലയും ഉടനടി നൽകാൻ എല്ലാ സജ്ജീകരണങ്ങളും നടത്തിയിട്ടുണ്ട്. നിലവിൽ ആറു ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെ 15 ബാങ്കുകൾ വഴിയാണു കർഷകർക്കു പണം നൽകിയിരുന്നത്. ബാങ്കുകളും സപ്ലൈകോ അധികൃതരുമായി ഇതു സംബന്ധിച്ചു കരാറുണ്ടാക്കിയിരുന്നു.

നെല്ല് സംഭരിക്കുന്നതിനു സ്വകാര്യമില്ലുടമകളും കർഷകർക്കു പണം അനുവദിക്കുന്നതിനു ബാങ്കുകളും ഒട്ടേറെ വ്യവസ്ഥകൾ മുന്നോട്ടു വയ്ക്കുന്ന സാഹചര്യത്തിലാണ് ബദൽ മാർഗമായി സഹകരണ ബാങ്കുകൾ വഴി പണം നൽകുന്നതിന് സർക്കാർ തീരുമാനിച്ചത്.

കേന്ദ്രസംസ്ഥാന സർക്കാരുകൾ നിശ്ചയിച്ച തുകയായ 25.30 രൂപ സപ്ലൈകോ കർഷകർക്ക് നൽകിയാണ് നെല്ല് സംഭരണം നടത്തുന്നത്. 44 മില്ലുകളും സപ്ലൈകോയുമായി യോജിച്ച് പ്രവർത്തിക്കുന്നുണ്ട്.

മുൻപ് മില്ലുകാരും കർഷകരും തമ്മിലുണ്ടായ ചില പ്രശ്നങ്ങൾ കാരണം സംഭരണം പ്രതിസന്ധിയിലായിരുന്നു. അത്തരത്തിലുള്ള പ്രതിസന്ധികൾ ഒഴിവാക്കാനുള്ള നടപടികളും കൃഷിവകുപ്പും സപ്ലൈകോയും സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള 88 കോടി മൂന്ന് ലക്ഷം രൂപ വിതരണം ചെയ്യാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. 321.11 കോടി രൂപയാണ് സർക്കാർ അനുവദിച്ചത്. ഇതിൽ 235.10 കോടി രൂപ നൽകി കഴിഞ്ഞു. ബാക്കി തുകയുടെ വിതരണം നടന്നുവരുകയാണ്.

കേന്ദ്രത്തിന്റെ വിഹിതം ലഭിക്കാൻ വൈകിയതാണ് കർഷകർക്കുള്ള തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ കഴിയാതിരുന്നത്. കേന്ദ്രവിഹിതം കിട്ടിയതോടെ സംഭരിച്ച നെല്ലിന്റെ വിഹിതം ബാങ്കുകളിലേക്ക് കൈമാറാനുള്ള നടപടി സപ്ലൈകോ ഊർജ്ജിതമാക്കി.

ഇത്തവണ സംഭരിച്ച നെല്ലിന്റെ മുഴുവൻ തുകയും കൊടുത്ത് തീർക്കും. പുതിയ തീരുമാനമനുസരിച്ച് പി ആർ എസ് നൽകുന്ന കർഷകർക്കു സഹകരണ ബാങ്കുകൾ അപ്പോൾ തന്നെ പണം നൽകുന്നുണ്ടെന്ന് സപ്ലൈകോ അധികൃതർ അറിയിച്ചു.